## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത  30.10.2019-ലെ മറുപടി

ചോദ്യം നമ്പർ:1047

### കുപ്പിവെള്ള വിപണനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജല അതോറിറ്റി, അരുവിക്കരയിൽ 'തെളിനീർ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നോയെന്ന് വെളിപ്പെടുത്താമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതി മുഖേന പ്രതിദിനം എത്ര ലിറ്റർ കുപ്പിവെള്ളമാണ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ; | (ബി) | 1,60,000 ലിറ്റർ |
| (സി) | പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; | (സി) | 13.85 കോടി രൂപ |
| (ഡി) | തെളിനീരി' ന് വിതരണ വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | വ്യാവസായിക ഉൽപാദനം ആരംഭിച്ചിട്ടില്ലാത്തിനാൽ വിതരണ-വിപണന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |
| (ഇ) | പ്രസ്തുത കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ നടത്തിപ്പും വിപണനവും പുറത്ത് നിന്നുള്ള ഏതെങ്കിലും ഏജൻസിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ഇ), (എഫ്) & (ജി) | കുപ്പിവെള്ള നിർമ്മാണ പ്ലാന്റിന്റെ ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനും അതിനു ശേഷം ഉൽപ്പാദനമടക്കമുള്ള നടത്തിപ്പിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുമുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ നടന്നു വരുന്നു. |
| (എഫ്) | എങ്കിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ; | | |
| (ജി) | കുപ്പിവെള്ള വില്പനയിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ എത്ര ശതമാനം തുക പ്രസ്തുത ഏജൻസി, ജല അതോറിറ്റിയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ